# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം

**Web Edition Only** 2007 ആഗസ്റ്റ് 17


## പി. ആർ. ഒ. യ്ക്കെതിരെ ഭീഷണി: അൽമായവേദി പ്രതിഷേധിച്ചു

കോട്ടയം: മലങ്കര ഓർത്തഡോക്സ് ടി. വി. യ്ക്കു വേണ്ടി ഓഗസ്റ്റ് 16-നു നടന്ന മാനേജിംഗ് കമ്മറ്റി മീറ്റിംഗ് റിപ്പോർട്ട് ചെയ്യുവാൻ ചെന്ന അൽമായവേദി പി. ആർ. ഒ. യും പത്രപ്രവർത്തകനും സഭാചരിത്ര ഗവേഷകനുമായ ജോയ്സ് തോട്ടയ്ക്കാടിനെ സഭാ സെക്രട്ടറി ജോർജ്ജ് ജോസഫ് ഭീഷണിപ്പെടുത്തുകയും പരസ്യമായി അധിക്ഷേപിക്കുകയും ചെയ്തതിൽ അൽമായവേദി സെക്രട്ടറിയേറ്റ് പ്രതിഷേധിച്ചു. വിമർശനങ്ങളെ കായികമായി നേരിടുമെന്ന് പരസ്യപ്രസ്താവന നടത്തുന്ന സെക്രട്ടറി മലങ്കര സഭയ്ക്ക് നാണക്കേടാണെന്ന് സെക്രട്ടറിയേറ്റ് വിലയിരുത്തി.

മലങ്കര ഓർത്തഡോക്സ് ടി. വി. യിൽ വന്ന ചിക്കുൻഗുനിയ മെഡിക്കൽ ക്യാമ്പിന്റെ ഒരു ഫോട്ടോ അൽമായവേദി ന്യൂസ് ബുള്ളറ്റിൻ അടിക്കുറിപ്പോടെ പുനഃപ്രസിദ്ധീകരിച്ചതാണ് സെക്രട്ടറിയെ പ്രകോപിപ്പിച്ചത്. തന്റെ പേരോ പടമോ അൽമായവേദി ഇടുന്നില്ല എന്നു പരാതി പറഞ്ഞിരുന്ന സെക്രട്ടറിയുടെ ഒരു ഫോട്ടോ എടുത്തേക്കാമെന്നു വച്ച് ജോയ്സ് ശ്രമിച്ചപ്പോഴാണ് സെക്രട്ടറി ഭീഷണിയുമായി ചാടിവീണത്. തുടർന്ന് സെക്രട്ടറി ബോധപൂർവ്വം ഒരു സീൻ സൃഷ്ടിക്കുകയും അൽമായക്കാരും വൈദികരുമടങ്ങുന്ന അമ്പതോളം മാനേജിംഗ് കമ്മറ്റിയംഗങ്ങളുടെയും സെമിനാരി അദ്ധ്യാപകരുടെയും മുമ്പിൽ വച്ച് ജോയ്സിനെ ഭീഷണിപ്പെടുത്തുകയും മർദ്ദിക്കാനൊരുങ്ങുകയും ചെയ്യുകയായിരുന്നു. തികച്ചും സൗമ്യമായി മറുപടി പറയുകയും, സെക്രട്ടറി ചാർജെടുത്തതിനെ തുടർന്ന് ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ നിർദ്ദേശാനുസരണം സെക്രട്ടറിയെ നേരിൽ കണ്ട് അദ്ദേഹവും അൽമായവേദിയും തമ്മിലുള്ള പ്രശ്നങ്ങൾ പറഞ്ഞു തീർക്കാൻ ശ്രമിച്ച കാര്യം സൂചിപ്പിക്കുകയും ചെയ്തെങ്കിലും സെക്രട്ടറി അതൊന്നും കേൾക്കുവാനുള്ള മാനസികാവസ്ഥയിലായിരുന്നില്ല. *കാരയ്ക്കൽ സാറിനോടു കളിച്ചതുപോലെ എന്നോടു കളിച്ചാൽ വിവരമറിയും* എന്ന് പല തവണ ഇതിനിടയിൽ ഭീഷണി മുഴക്കുകയും ചെയ്തു. ഒടുവിൽ 'ഇവനെയൊക്കെ ആരാ ഇങ്ങോട്ട് കയറ്റിവിട്ടത്' എന്ന് ദിവസക്കൂലിക്കാരായ സെക്യൂരിറ്റിക്കാരോട് കയർത്ത സെക്രട്ടറി ഡോ. അലക്സാണ്ടർ കാരയ്ക്കലിന്റെ അടുത്തേക്ക് നീങ്ങി 'സാറിനോട് കളിച്ചതുപോലെ എന്നോടു കളിച്ചാൽ അവന്റെ വീട്ടിൽ കയറി ഞാൻ തല്ലുമെന്ന്' ഭീഷണി മുഴക്കി.

## സെക്രട്ടറി ബഹളം വച്ചത് കാര്യങ്ങൾ മനസ്സിലാക്കാതെ

കോട്ടയം: സഭാ സെക്രട്ടറി ജോർജ് ജോസഫ് തന്നെ ഭീഷണിപ്പെടുത്തുകയും പഴയസെമിനാരിയിൽ വച്ച് പരസ്യമായി അധിക്ഷേപിക്കുകയും ചെയ്തത് കാര്യങ്ങൾ വേണ്ടവണ്ണം മനസ്സിലാക്കാതെയാണെന്ന് ജോയ്സ് തോട്ടയ്ക്കാട് പറഞ്ഞു.

മലങ്കര ഓർത്തഡോക്സ് ടി. വി. എന്ന വെബ്സൈറ്റ് താനും സുഹൃത്തുക്കളും കൂടി പുതുതായി തുടങ്ങിയതാണ്. മലങ്കര ഓർത്തഡോക്സ് അൽമായവേദിക്ക് എം. ടി. വി. യുമായി ബന്ധമില്ല. എന്നാൽ സഭാസംബന്ധമായ ഒരു വെബ്സൈറ്റ് എന്ന നിലയിലും അൽമായവേദിയുടെ വെബ് സംബന്ധമായ കാര്യങ്ങളും ന്യൂസ് ബുള്ളറ്റിനുകളും സൗജന്യമായി ചെയ്തു നല്കുന്ന വ്യക്തിയാണ് അതിന്റെ ചുമതലക്കാരൻ എന്ന നിലയിലും അൽമായവേദി എല്ലാ പ്രോത്സാഹനവും എം. ടി. വി. യ്ക്ക് നൽകുന്നുണ്ട്.

സഭാ സെക്രട്ടറി അടുത്തകാലത്ത് നടത്തിയ രണ്ടു പ്രസംഗങ്ങൾ റിപ്പോർട്ട് ചെയ്തത് (ഓഡിയോ രൂപത്തിൽ) എം. ടി. വി. മാത്രമാണ്. അതിലൊരെണ്ണം മറ്റൊരു ഓൺലൈൻ പ്രസിദ്ധീകരണം ഈ ഓഡിയോയെ ആസ്പദമാക്കി പകർത്തി എഴുതി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ചിക്കുൻഗുനിയ മെഡിക്കൽ ക്യാമ്പിന്റെ ഫോട്ടോകൾ ദേവലോകത്തു വച്ച് പരസ്യമായി എടുത്തതാണ്; രഹസ്യമായി ഒളിഞ്ഞുനിന്ന് എടുത്തതല്ല. ഏറ്റവും വിലകുറഞ്ഞ ഒരു ഓട്ടോഫോക്കസ് ഡിജിറ്റൽ ക്യാമറ ഉപയോഗിച്ചാണ് എം. ടി. വി. ക്കു വേണ്ടി ഇപ്പോൾ ഫോട്ടോകൾ എടുക്കുന്നത്. ദൂരെനിന്നോ ഒളിഞ്ഞുനിന്നോ ഒന്നും ഈ ക്യാമറ ഉപയോഗിച്ച് ഫോട്ടോ എടുക്കാനും സാധിക്കുകയില്ല. വീഡിയോ എടുക്കുവാനുള്ള സംവിധാനങ്ങൾ ആയിട്ടില്ല എന്നതിനാലാണ് സമ്മേളനങ്ങളുടെ കൂടുതൽ ഫോട്ടോകൾ ഇപ്പോൾ എടുത്തുകൊടുക്കുന്നത്.

സെക്രട്ടറി പങ്കെടുത്ത മറ്റ് രണ്ടു മീറ്റിംഗുകൾ കൂടി എം. ടി. വി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഫോട്ടോയും എടുത്തിട്ടുണ്ട്. അവിടെ വച്ചൊന്നും അദ്ദേഹം ഫോട്ടോ എടുക്കുന്നതിനെ എതിർത്തിട്ടില്ല. മുണ്ടുടുക്കുന്ന കേരളത്തിലെ പ്രഗത്ഭരായ സാഹിത്യകാരന്മാരും സാംസ്കാരിക പ്രവർത്തകരുമൊക്കെ മുണ്ട് മടക്കിക്കുത്തി നിൽക്കുന്ന ഫോട്ടോകളും മാധ്യമങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന മൊറാർജി ദേശായി തിരുവനന്തപുരത്ത് കടലിൽ ഇറങ്ങി കുളിക്കുന്ന പടം ഒളിച്ചിരുന്ന് എടുത്തു മലയാള മനോരമ ഒന്നാം പേജിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പക്ഷേ ഇത്തരത്തിലുള്ള ഫോട്ടോ ജേർണലിസത്തോട് എം. ടി. വി. ഇതുവരെ താല്പര്യം കാണിച്ചിട്ടില്ല.

ഒരു വ്യക്തിയോടും എം. ടി. വി. യ്ക്ക് വിദ്വേഷമോ പിണക്കമോ ഇല്ല. അഭിമുഖങ്ങളുൾപ്പെടെ എല്ലാ റിപ്പോർട്ടുകളും വിവാദര




**വിവാദ ചിത്രം**

ഹിതമായാണ് ഞങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും വൈദികട്രസ്റ്റിയും സഭയുടെ ലീഗൽസെൽ സെക്രട്ടറിയും മാനേജിംഗ് കമ്മറ്റിയംഗങ്ങളുമുൾപ്പെടെ പലരും ഇതിനോട് സഹകരിച്ചിട്ടുമുണ്ട്. സെക്രട്ടറി ഭീഷണി ഉയർത്തിയതിനെത്തുടർന്ന് അദ്ദേഹത്തിന്റെ ഫോട്ടോകളോ പ്രസംഗങ്ങളോ എം. ടി. വി. യിൽ നിന്ന് ഒഴിവാക്കിയിട്ടുമില്ല എന്ന് ജോയ്സ് ചൂണ്ടിക്കാണിച്ചു.

പ. പിതാവ്, ശ്രേഷ്ഠ നിയുക്ത കാതോലിക്കാ, മാത്യൂസ് മാർ സേവേറിയോസ്, സഖറിയ മാർ തെയോഫിലോസ്, പൗലൂസ് മാർ പക്കോമിയോസ്, ഗീവർഗീസ് മാർ ഈവാനിയോസ്, യാക്കോബ് മാർ ഐറേനിയോസ്, ഡോ. തോമസ് മാർ മക്കാറിയോസ്, പി. സി. യോഹന്നാൻ റമ്പാൻ, ഫാ. ഡോ. സാബു കുറിയാക്കോസ്, സഭാ ട്രസ്റ്റി എം. ജി. ജോർജ്ജ്, ഫാ. ജേക്കബ് മണ്ണാറപ്രായിൽ, ഫാ. ഡോ. ഒ. തോമസ്, ഫാ. ഡോ. എം. ഒ. ജോൺ തുടങ്ങിയവരെയൊക്കെ മുഖത്തു നോക്കിയും അതിന് അവസരം കിട്ടാത്തവരെ അൽമായവേദി മാസിക, ന്യൂസ് ബുള്ളറ്റിൻ തുടങ്ങിയവയിലൂടെയും അൽമായവേദി പ്രവർത്തകർ വിമർശിച്ചിട്ടുണ്ട്. ഇവരിൽ പലരും ഞങ്ങളുടെ പ്രവർത്തകരുമായി സ്നേഹബന്ധമുള്ളവരാണ്. ആ സ്നേഹബന്ധങ്ങൾ ആ വിമർശനം ഉന്നയിച്ചതോടെ ഇല്ലാതാവുകയോ, ഇവർ ഞങ്ങളെ കാണുമ്പോൾ മുഖം കറുത്ത് സംസാരിക്കുകയോ ഇതുവരെ ചെയ്തിട്ടില്ല.

18 വർഷമായി സഭാരംഗത്ത് പ്രവർത്തിക്കുന്ന തനിക്ക് പല ദുരനുഭവങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും ഇത്തരത്തിൽ പരസ്യമായി ആക്ഷേപിക്കപ്പെടുന്നത് ആദ്യമാണെന്ന് ജോയ്സ് പറഞ്ഞു. തന്റെ സമപ്രായക്കാരനായ സെക്രട്ടറി അദ്ദേഹത്തിന്റെ സ്വതസിദ്ധമായ ധാർഷ്ഠ്യവും എടുത്തുചാട്ടവും ഒഴിവാക്കി പക്വതയോടെ മലങ്കരസഭയെ സേവിച്ചു കാണുവാൻ തനിക്ക് ആഗ്രഹമുണ്ടെന്നും അതിനായി പ്രാർത്ഥിക്കുന്നുവെന്നും തന്നോട് കാണിച്ച അധിക്ഷേപങ്ങൾ താൻ ക്ഷമിച്ചുവെന്നും ജോയ്സ് തോട്ടയ്ക്കാട് വ്യക്തമാക്കി.

## പ. പിതാവിന് സമർപ്പിച്ച കത്ത്

To,

H.H. The Catholicos Mar Thoma Didymus I
Catholicos & Malankara Metropolitan
Malankara Orthodox Syrian Church
Devalokam, Kottayam-686038

**വിഷയം: സഭാ സെക്രട്ടറി ഭീഷണിപ്പെടുത്തിയത് സംബന്ധിച്ച്**

പ. പിതാവിന്റെ തൃക്കൈ മുത്തി അറിയിക്കുന്നത്,

കഴിഞ്ഞ ഓഗസ്റ്റ് 16-ാം തീയതി പഴയസെമിനാരിയിൽ നടന്ന മാനേജിംഗ് കമ്മറ്റി യോഗത്തിന്റെ ഫോട്ടോകൾ മലങ്കര ഓർത്തഡോക്സ് ടി. വി. എന്ന വെബ്സൈറ്റിനു വേണ്ടി എടുക്കാൻ ഞാൻ ചെല്ലുകയും, പരിശുദ്ധ പിതാവിന്റേതടക്കം മാനേജിംഗ് കമ്മറ്റി യോഗം തുടങ്ങുന്നതിനു മുമ്പും കഴിഞ്ഞശേഷവും ഫോട്ടോകൾ എടുക്കുകയും ചെയ്തിരുന്നു. മാനേജിംഗ് കമ്മറ്റി യോഗത്തിനു ശേഷം ഹാളിനു പുറത്തു നിന്നിരുന്ന സഭാ സെക്രട്ടറി ജോർജ് ജോസഫും മദ്രാസിൽ നിന്നുള്ള അംഗമായ റോയിയും തമ്മിൽ സംസാരിച്ചുകൊണ്ടു നിൽക്കുന്ന ഫോട്ടോ എടുക്കാൻ ശ്രമിക്കവേ, സെക്രട്ടറി എന്റെ അടുക്കലേക്ക് വരികയും *ഞാൻ മുണ്ടും മടക്കിക്കുത്തി നിൽക്കുന്ന പടമാണോടാ എടുത്തിടുന്നത്* എന്നു പറഞ്ഞ് അൽമായവേദി ന്യൂസ് ബുള്ളറ്റിനിൽ വന്ന ഒരു ഫോട്ടോയെക്കുറിച്ച് ദേഷ്യപ്പെടുകയും ചെയ്തു. ഞാൻ സൗമ്യമായും അദ്ദേഹത്തെ സാന്ത്വനപ്പെടുത്തിയും മറുപടി പറഞ്ഞെങ്കിലും *ഇവന്മാരെന്നെ ഉപദ്രവിക്കാൻ തുടങ്ങിയിട്ട് കുറെക്കാലമായി, ഇലക്ഷൻ സമയത്തു തുടങ്ങിയതാ, എനിക്കെതിരെ എഴുതിയത് ഒരു കെട്ട് ഞാനവിടെ എടുത്തു വെച്ചിട്ടുണ്ട്. കാരയ്ക്കൽ സാറിനോട് കളിക്കുന്നതുപോലെ എന്നോടു കളിച്ചാൽ വിവരമറിയും. എന്നെക്കുറിച്ച് ഇനി എന്തെങ്കിലും എഴുതിയാൽ നിന്റെ വീട്ടിൽ കയറി ഞാൻ തല്ലും* എന്നിങ്ങനെ ഉച്ചത്തിൽ ഭീഷണിപ്പെടുത്താൻ തുടങ്ങി. അദ്ദേഹവും ഞാനും കൂടി സ്മൃതി ഓഡിറ്റോറിയത്തിനു മുമ്പിൽ നിന്നും പഴയസെമിനാരി നാലുകെട്ടിന്റെയടുക്കലേക്ക് നടന്നുകൊണ്ടിരിക്കെയാണ് അദ്ദേഹം ഇങ്ങനെ ഉച്ചത്തിൽ ഭീഷണിപ്പെടുത്തിക്കൊണ്ടിരുന്നത്. സെമിനാരിയുടെ മുമ്പിൽ മാനേജിംഗ് കമ്മറ്റി കഴിഞ്ഞുനില്ക്കുന്ന അംഗങ്ങളും സെമിനാരി അദ്ധ്യാപകരും വിദ്യാർത്ഥികളും നിൽക്കുന്നതു കണ്ട അദ്ദേഹം ബോധപൂർവ്വം ഒരു സീൻ സൃഷ്ടിക്കുന്ന രീതിയിൽ എന്നെ തല്ലാൻ വരികയും വീണ്ടും മുൻപറഞ്ഞ ഭീഷണികൾ മുഴക്കുകയും സഭ്യമല്ലാത്ത ഭാഷകൾ ഉപയോഗിക്കുകയും ചെയ്തു. പരിശുദ്ധ പിതാവിന്റെ പ്രിൻസിപ്പൽ സെക്രട്ടറി ഫാ. ഡോ. സാബു കുറിയാക്കോസ്, സെമിനാരി ലൈബ്രേറിയൻ ഫാ. സി. സി. ചെറിയാൻ തുടങ്ങിയവരും അമ്പതോളം പേരും ഈ സംഭവത്തിന് ദൃക്സാക്ഷികളായി അവിടെ ഉണ്ടായിരുന്നു.

അവസാനം എന്നെ ഉപേക്ഷിച്ച് മുൻ സഭാ സെക്രട്ടറി ഡോ. അലക്സാണ്ടർ കാരയ്ക്കലിന്റെ അടുക്കലേക്ക് നീങ്ങിയ സഭാ സെക്രട്ടറി അദ്ദേഹത്തോടും 'സാറിനോട് കളിച്ചതുപോലെ അവന്മാർ എന്നോടു കളിച്ചാൽ ഞാനവന്റെ വീട് കയറിത്തല്ലും' എന്ന് ഭീഷണി മുഴക്കി.

ഓർത്തഡോക്സ് അൽമായവേദിയുടെ ഒരു എളിയ പ്രവർത്തകനും പി. ആർ. ഒ. യുമാണ് ഞാൻ. അൽമായവേദിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ തുടങ്ങിയിട്ട് രണ്ടു വർഷമാകുന്നതേയുള്ളൂ. കഴിഞ്ഞ 18 വർഷമായി (1989 മുതൽ) സഭാരംഗത്തു പ്രവർത്തിക്കുന്ന ആളാണ് ഞാൻ. ദേവലോകം, പഴയസെമിനാരി, മാവേലിക്കര മിഷൻ സെന്റർ, ഓർത്തഡോക്സ് സ്റ്റുഡന്റ്സ് സെന്റർ എന്നീ സ്ഥാപനങ്ങളിൽ വോളണ്ടററിയായി 1989 - 1999 കാലഘട്ടത്തിൽ ഞാൻ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോഴത്തെ പ. സുന്നഹദോസിലെ പകുതിയോളം മെത്രാപ്പോലീത്തന്മാർക്ക് (ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ഉൾപ്പെടെ) എന്നെ വ്യക്തിപരമായി അറിയാവുന്നതുമാണ്. സഭാസംബന്ധമായ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാൻ സോഫിയാ ബുക്സ് എന്നൊരു പ്രസാധക സ്ഥാപനം അഭി. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും ഞാനും ചേർന്ന് 1997 മുതൽ നടത്തി വരുന്നുമുണ്ട്. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ സമ്പൂർണ്ണ മലയാള രചനകൾ ഞാൻ സമാഹരിച്ച് പ്രസിദ്ധീകരിച്ചത് കഴിഞ്ഞ നവംബർ 24-ന് കാതോലിക്കേറ്റ് അരമനയിൽ വച്ച് പ. പിതാവ് തന്നെയാണ് പ്രകാശനം ചെയ്തു തന്നത്. ഞാൻ ആരോടെങ്കിലും വഴക്കുണ്ടാക്കുവാൻ പോകുന്നയാളല്ല എന്ന് പ. പിതാവിന് ബോധ്യപ്പെടുവാൻ ഇത്രയും എഴുതിയെന്നേയുള്ളൂ.

എന്റെ സമപ്രായക്കാരനായ സഭാ സെക്രട്ടറി എന്നോട് നടത്തിയ ഭീഷണിയും പരസ്യമായ അധിക്ഷേപങ്ങളും ഞാൻ അദ്ദേഹത്തോട് വ്യക്തിപരമായി ക്ഷമിച്ചു. പിന്നെ എന്തിനാണ് ഇത്രയും ദീർഘമായ ഒരു കത്ത് എന്ന് പ. പിതാവിനു സംശയം തോന്നാം.

മലങ്കരസഭയുടെ അസോസിയേഷൻ സെക്രട്ടറിയാണ് ഇത്രയും വിലകുറഞ്ഞ രീതിയിൽ പരസ്യമായി പെരുമാറിയത്. അദ്ദേഹത്തോട് അഭിപ്രായവ്യത്യാസം ഉള്ളവരും അദ്ദേഹത്തെ എതിർക്കുന്നവരുമായ ധാരാളം ആളുകൾ മാനേജിംഗ് കമ്മറ്റിയിലുണ്ടെന്ന വസ്തുത അദ്ദേഹത്തിനറിയാം. അദ്ദേഹത്തെ അന്നു നടന്ന മാനേജിംഗ് കമ്മറ്റിയിൽ വച്ചു പോലും പരസ്യമായി ആക്ഷേപിക്കാൻ ശ്രമിച്ച ഫാ. ഡോ. ഒ. തോമസിനെ പ. പിതാവ് സഭാ വക്താവായി നിയമിച്ചതിലും, മാനേജിംഗ് കമ്മറ്റിയംഗങ്ങളിൽ പലരും അദ്ദേഹത്തിന്റെ കഴിവുകേടുകളെ വിമർശിച്ചതും, പ. സുന്നഹദോസ് തന്നെ സഭാസെക്രട്ടറിയുടെ ഭരണഘടനാപരമായ ചുമതലകളും മറ്റും വ്യക്തമായി അദ്ദേഹത്തെ പറഞ്ഞു

മനസ്സിലാക്കുവാൻ പ. പിതാവിനെ ചുമതലപ്പെടുത്തിയതും മറ്റും മൂലം അസ്വസ്ഥനായിരുന്ന അദ്ദേഹത്തിന്റെ മുമ്പിൽ ഞാൻ അറിയാതെ പെട്ടുപോയതുകൊണ്ട് സംഭവിച്ചതാണിതെന്ന് ഞാൻ കരുതുന്നു. അദ്ദേഹത്തെ വിമർശിക്കാൻ ശ്രമിച്ചാൽ ഇതായിരിക്കും അനുഭവം എന്ന് മാനേജിംഗ് കമ്മറ്റി അംഗങ്ങളെ മനസ്സിലാക്കാൻ അദ്ദേഹം നടത്തിയ ഒരു പ്രകടനം ആണിതെന്നും ഞാൻ വിശ്വസിക്കുന്നു.

ഇ. എം. ഫീലിപ്പോസ്, എ. എം. വർക്കി, പി. സി. ഏബ്രഹാം, എ. കെ. തോമസ്, ഡോ. അലക്സാണ്ടർ കാരയ്ക്കൽ തുടങ്ങിയ പ്രഗത്ഭരിരുന്ന കസേരയിലാണ് അദ്ദേഹമിരിക്കുന്നതെന്ന വസ്തുത ഒരു സഭാചരിത്രഗവേഷകനെന്ന നിലയിൽ ഞാൻ ചൂണ്ടിക്കാണിക്കട്ടെ. സഭയ്ക്കും സഭാനേതാക്കൾക്കും പറ്റിയ അപചയത്തിന്റെ ഭാഗമായി ഈ സംഭവത്തെ ഞാൻ കാണുന്നു. പ. പിതാവിന്റെ കാലത്തെങ്കിലും കാര്യങ്ങൾക്ക് മാറ്റമുണ്ടാകുമെന്ന് അൽമായവേദിയുടെ ഒരു എളിയ പ്രവർത്തകൻ എന്ന നിലയിൽ ഞാൻ ആഗ്രഹിച്ചിരുന്നു. പക്ഷേ ഇത്തരം സംഭവങ്ങൾ ആ ആഗ്രഹത്തിന് മങ്ങലേല്പിക്കുന്നു. എങ്കിലും പ. പിതാവ് യുക്തവും നീതിപൂർവകവുമായ തീരുമാനങ്ങൾ ഇക്കാര്യത്തിൽ കൈക്കൊണ്ട് സഭാസെക്രട്ടറിയെ സ്നേഹബുദ്ധ്യാ ഉപദേശിച്ച് പക്വതയുള്ള ഒരു സഭാ സെക്രട്ടറിയാക്കി അദ്ദേഹത്തെ മാറ്റുമെന്നു പ്രതീക്ഷിച്ചുകൊണ്ട്

സ്നേഹപൂർവ്വം

**ജോയ്സ് തോട്ടയ്ക്കാട്**

# അസ്സോസിയേഷൻ സെക്രട്ടറിക്ക് ഒരു തുറന്ന കത്ത്

ഈ മാസം 16-ാം തീയ്യതി പഴയസെമിനാരിയിൽ വച്ച് സഭാമാനേജിംഗ് കമ്മറ്റിയോഗ നടപടികൾ റിപ്പോർട്ട് ചെയ്യുവാനെത്തിയ അൽമായവേദിയുടെ പി. ആർ. ഒ. യും മലങ്കര ഓർത്തഡോക്സ് ടി. വി. യുടെ ഓൺലൈൻ എഡിറ്ററുമായ ജോയ്സ് തോട്ടയ്ക്കാടിനെതിരെ താങ്കൾ നടത്തിയ ഭീഷണികൾക്കുള്ള പ്രതികരണമാണ് ഈ കത്ത്. ഒരു മാധ്യമ പ്രവർത്തകൻ എന്ന നിലയിൽ നിയമവിധേയമായി തന്റെ ജോലിയിൽ വ്യാപൃതനായിരുന്ന ജോയ്സിനെ താങ്കൾ യാതൊരു പ്രകോപനവുമില്ലാതെ തെരുവുഭാഷയിൽ വീടു കയറി തല്ലും എന്ന് ഭീഷണിപ്പെടുത്തിയതിന് വൈദികരുൾപ്പെടെ അനേകം ദൃക്സാക്ഷികളുണ്ട്.

അതീവ പ്രഗത്ഭർ അലങ്കരിച്ചിട്ടുള്ള അസ്സോസിയേഷൻ സെക്രട്ടറി പദവിയിൽ ഇപ്പോൾ ഇരിക്കുന്ന താങ്കൾ ഒരു തെരുവു ഗുണ്ടയെപ്പോലെ പെരുമാറുന്നത് സഭാംഗങ്ങൾക്ക് ഞെട്ടലും ധാർമ്മികരോഷവും ഉളവാക്കിയിട്ടുണ്ട്. എൻ. എസ്. എസ്. ജനറൽ സെക്രട്ടറി ബജറ്റവതരിപ്പിക്കുമ്പോഴുള്ള മാധ്യമ സാന്നിദ്ധ്യം ഓർത്തഡോക്സ് സഭാ സെക്രട്ടറി ബജറ്റവതരിപ്പിക്കുമ്പോളുണ്ടാകണമെന്ന് നിർബന്ധം പിടിക്കുന്ന താങ്കൾ, പെരുമാറ്റത്തിലും സംസ്ക്കാരത്തിലും സമാനമായ മാന്യത പുലർത്തുവാൻ ബാദ്ധ്യസ്ഥനല്ലേ എന്നു കൂടി ചിന്തിക്കുന്നത് നന്നായിരിക്കും.

അൽമായവേദിയെ സംബന്ധിച്ചിടത്തോളം ഭീഷണികൾ പുത്തരിയല്ല. അവ ഞങ്ങളുടെ പ്രവർത്തനശൈലിയെ ബാധിക്കയുമില്ല. ഭീഷണികളിലൂടെ ഞങ്ങളെ ഒതുക്കാമെന്ന് വ്യാമോഹിച്ചവർ തങ്ങളുടെ ധാരണാപിശകുകൾ പിന്നീട് മനസ്സിലാക്കിയിട്ടുമുണ്ട്. “വീടു കയറി തല്ലും” എന്ന താങ്കളുടെ ഭീഷണി പ്രാവർത്തികമാക്കുവാൻ ശ്രമിച്ചാൽ തിരിച്ചടിക്കുവാനുള്ള ശേഷി അൽമായവേദിക്കുണ്ടെന്ന് മനസ്സിലാക്കുന്നത് നന്ന്.

സഭയിലെ തെറ്റുകൾ ചൂണ്ടിക്കാണിക്കുക എന്ന ദൗത്യത്തിൽ നിന്നും വേദി പിന്മാറാനുദ്ദേശിക്കുന്നില്ല. ഞങ്ങളുടെ നിലപാടുകൾ സംബന്ധിച്ച് കേൾക്കുവാൻ സന്നദ്ധതയുള്ള ആരോടും സംവേദനത്തിനും ഞങ്ങൾ തയ്യാറാണ്. പലരും അടിച്ചൊതുക്കുവാനും വിലയ്ക്കു വാങ്ങുവാനും വിഫലശ്രമം നടത്തിയിട്ടുള്ള പ്രസ്ഥാനമാണിത്. തീയിൽ കുരുത്തതാണ്, വെയിലത്തു വാടുകയില്ല. ബർബരനോട് ബർബരനെപ്പോലെയും ജ്ഞാനിയോട് ജ്ഞാനിയെപ്പോലെയും സംവേദിക്കുവാൻ ഞങ്ങൾക്ക് കഴിയും.

താങ്കളുടെ സഭാപരമായ പ്രവർത്തനങ്ങളെ മാത്രമേ ഞങ്ങൾ വിമർശിച്ചിട്ടുള്ളൂ. വ്യക്തിപരമായ യാതൊരു വിമർശനങ്ങളും നടത്തിയിട്ടില്ല. ഞങ്ങളുടെ റിപ്പോർട്ടുകളിൽ ഒന്നിനെപ്പോലും വസ്തുതാപരമായി ഖണ്ഡിക്കുവാൻ താങ്കൾക്കോ താങ്കളുടെ അനുയായികൾക്കോ കഴിഞ്ഞിട്ടില്ല. അസ്സോസിയേഷൻ സെക്രട്ടറി വിമർശനങ്ങൾക്കതീതനാകണമെങ്കിൽ പ്രവർത്തനശൈലിയും അപ്രകാരമായിരിക്കണം. ഭീഷണികൊണ്ടോ മറ്റേതെങ്കിലും മുറ കൊണ്ടോ ഞങ്ങളെ ഒതുക്കിക്കളയാം എന്ന് ചിന്തിക്കുന്നെങ്കിൽ അത് വ്യാമോഹം മാത്രമാണെന്ന് ധരിച്ചാലും.

എന്ന്

ഓർത്തഡോക്സ് അൽമായവേദിക്കു വേണ്ടി,

**തോമസ് ചാണ്ടി**

(ജനറൽ സെക്രട്ടറി)

# എഴുതാവുന്നിടത്തോളം എഴുതിക്കോയെന്ന് സെക്രട്ടറി എഴുതിത്തുടങ്ങിയപ്പോൾ ഭീഷണി

കോട്ടയം: വിമർശനങ്ങളെ തനിക്ക് ഭയമില്ലെന്നും താൻ സത്യസന്ധമായും ഒച്ചപ്പാടുണ്ടാക്കാതെയും തന്റെ ചുമതലകൾ നിർവഹിച്ച് അൽമായവേദിയുടെ വിമർശനങ്ങളെ നേരിടുമെന്നും നിങ്ങൾക്ക് എഴുതാവുന്നിടത്തോളം എഴുതിക്കോയെന്നും നേരിട്ടുള്ള സംഭാഷണത്തിൽ പറഞ്ഞ സെക്രട്ടറി ഇപ്പോൾ സ്വരം മാറ്റി ഭീഷണിയുടെ സ്വരവുമായി ഇറങ്ങിയിരിക്കുന്നത് രസകരമായിരിക്കുന്നുവെന്ന് ഓർത്തഡോക്സ് അൽമായവേദി പ്രസിഡണ്ട് കെ. വി. ഏബ്രഹാം കൊടുവത്ത് പറഞ്ഞു.

ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും, ഇന്ത്യയുടെ പല ഭാഗത്തും വിദേശത്തുമുള്ള സഭാ സ്നേഹികളായ പലരും സഭാ സെക്രട്ടറിയുമായി അൽമായവേദി അനുരഞ്ജനപ്പെട്ടുപോകണമെന്ന് ഫോൺ, ഇ മെയിൽ എന്നിവ മുഖാന്തിരം അറിയിക്കുന്നുവെന്നും അതുകൊണ്ട് നമുക്ക് സഭാസെക്രട്ടറിയുമായി ഒരു അഭിമുഖ സംഭാഷണം നടത്താമെന്നും നിർദ്ദേശിച്ചത് അൽമായവേദിയുടെ പി. ആർ. ഒ. ആയ ജോയ്സ് തോട്ടയ്ക്കാട് ആണ്. അദ്ദേഹത്തിന്റെ ഫോണിൽ നിന്നു തന്നെ ഞാൻ സെക്രട്ടറിയെ വിളിക്കുകയും സെക്രട്ടറി ഓഫീസിൽ ഉണ്ടെന്നു പറഞ്ഞതിനാൽ ജോയ്സുമൊരുമിച്ച് പോയി കാണുകയുമാണ് ചെയ്തത്. രണ്ടു മണിക്കൂറോളം അദ്ദേഹത്തോട് സംസാരിച്ചെങ്കിലും അദ്ദേഹം നിഷേധാത്മക നിലപാടാണ് സ്വീകരിച്ചത്. അൽമായവേദിയെക്കുറിച്ച് സെക്രട്ടറിയായതിനെ തുടർന്ന് അദ്ദേഹം ആരംഭിച്ച ഫയലിൽ, നെറ്റിലിറങ്ങിയ എല്ലാ ബുള്ളറ്റിനുകളുടെയും പ്രിന്റുകൾ കണ്ട് ഞങ്ങൾ അദ്ഭുതപ്പെട്ടു. അവയിൽ എഴുതിയിരിക്കുന്നതിൽ ഒരു വാസ്തവവുമില്ലെന്ന നിലപാടാണ് അദ്ദേഹം സ്വീകരിച്ചത്. ന്യൂസ് ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ച ചില കാര്യങ്ങൾ സത്യമാണോ എന്ന് ജോയ്സ് തിരക്കിയെങ്കിലും അതിന് സെക്രട്ടറി മറുപടി പറഞ്ഞില്ല.

ഒരു മുൻ സഭാ വർക്കിംഗ് കമ്മറ്റിയംഗത്തോടാണ് അദ്ദേഹത്തിന് ശത്രുതയെന്നും അതിൽ കുറഞ്ഞ ശത്രുതയേ അൽമായവേദിയോടുള്ളുവെന്നും സംഭാഷണത്തിൽ നിന്നും ബോധ്യമായി. പല തവണ, ആ വർക്കിംഗ് കമ്മറ്റിയംഗത്തിന്റെ വക്കാലത്തുമായി

വന്നതാണോ എന്ന് ഞങ്ങളോടു ചോദിക്കുകയുമുണ്ടായി. ഈ സാഹചര്യത്തിൽ, സഭയുടെ പ്രധാന ചുമതലയിൽ ഇരിക്കുന്ന ഒരാൾ ഇപ്രകാരം സഭയിലെ ചില അൽമായനേതാക്കളോട് ശത്രുത വച്ചുപുലർത്തുന്നത് ശരിയല്ലെന്നും എല്ലാവരേയും ഒരുപോലെ കാണാനാണ് ശ്രമിക്കേണ്ടതെന്നും ജോയ്സ് തോട്ടയ്ക്കാട് ഉപദേശിച്ചെങ്കിലും സെക്രട്ടറി അതുൾക്കൊള്ളാൻ തയ്യാറായിരുന്നില്ല. സഭാ ഭരണഘടനയെക്കുറിച്ചുള്ള ചില തെറ്റായ വ്യാഖ്യാനങ്ങളും ഈ സംഭാഷണത്തിൽ അദ്ദേഹം പറയുകയുണ്ടായി. അതൊക്കെയും അദ്ദേഹത്തിനു വിരോധമുള്ള ചില അൽമായ നേതാക്കന്മാരെ ഒഴിവാക്കാനായി ഉന്നയിക്കുന്നതാണെന്ന് ഞങ്ങൾക്ക് ബോധ്യമായി. ഒടുവിൽ സംസാരിച്ചിട്ട് കാര്യമായ പ്രയോജനമൊന്നുമുണ്ടാവാനിടയില്ല എന്ന് ബോധ്യപ്പെട്ട് ഞങ്ങൾ തിരിച്ചു പോരികയായിരുന്നുവെന്ന് കെ. വി. ഏബ്രഹാം അറിയിച്ചു.

## ഒരു വശത്ത് മാധ്യമങ്ങളെ അവരുടെ ഓഫീസിൽ പോയി ക്ഷണിക്കുന്നു; മറുവശത്ത് മാധ്യമപ്രവർത്തകനെ ഭീഷണിപ്പെടുത്തുന്നു

കോട്ടയം: പുതിയ സെക്രട്ടറി ബജറ്റ് അവതരിപ്പിച്ച ഓഗസ്റ്റ് 8-ലെ മാനേജിംഗ് കമ്മിറ്റി റിപ്പോർട്ടു ചെയ്യുവാൻ മാധ്യമപ്പട തന്നെയാണ് വന്നത്. സെക്രട്ടറി നേരിൽ പോയി ചില മാധ്യമങ്ങളെ ക്ഷണിക്കുകയും മറ്റുള്ളവരെ ഇക്കാര്യം അറിയിച്ചുകൊണ്ട് കത്തു നൽകുകയും ചെയ്തതായാണ് പറയപ്പെടുന്നത്. മലയാള മനോരമ പതിവിനു വിപരീതമായി കാൽ പേജ് വാർത്ത നൽകിയത് സെക്രട്ടറി മാത്തുക്കുട്ടിച്ചായനെ നേരിൽ കണ്ടതുകൊണ്ടാണെന്നാണ് കേൾക്കുന്നത്.

ഓഗസ്റ്റ് 16-നു നടന്ന മാനേജിംഗ് കമ്മറ്റിയിൽ മുൻ വൈദിക ട്രസ്റ്റി ഫാ. ഡോ. ഒ. തോമസ് മാനേജിംഗ് കമ്മറ്റി മീറ്റിംഗ് റിപ്പോർട്ടു ചെയ്യുവാൻ വന്ന മാധ്യമപ്പടയെക്കുറിച്ച് രോഷം കൊള്ളുകയുണ്ടായി. പ. പിതാവിന്റെ ഇവിടെ വച്ചെടുത്ത രംഗങ്ങൾ അവർ പിന്നീട് ദുരുപയോഗം ചെയ്യുമെന്നാണ് അദ്ദേഹം ചൂണ്ടിക്കാട്ടിയത്. പതിവില്ലാത്ത ഈ രീതി ആശാസ്യമല്ലെന്നും മാധ്യമങ്ങളെ മാനേജിംഗ് കമ്മറ്റിയിൽ കയറ്റരുതെന്നുമായിരുന്നു അദ്ദേഹത്തിന്റെ ആവശ്യം (അദ്ദേഹത്തിന്റെ ഭരണകാലത്ത് ഒരു ഓൺലൈൻ സഭാ പ്രസിദ്ധീകരണം മാനേജിംഗ് കമ്മറ്റിയിലെ പ്രസംഗങ്ങളും ചോദ്യോത്തരങ്ങളുമൊക്കെ സ്ഥിരമായി പ്രസിദ്ധീകരിച്ചിരുന്ന വസ്തുത അദ്ദേഹത്തിന് അറിവില്ലെന്നു തോന്നുന്നു).

ഇതിന് പിന്നീട് മറുപടി പറഞ്ഞ സെക്രട്ടറി, എൻ. എസ്. എസ്., എസ്. എൻ. ഡി. പി., തുടങ്ങിയ സംഘടനകളുടെ ബജറ്റ് അവതരിപ്പിക്കുന്നത് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യാറുണ്ടെന്നും സഭയ്ക്ക് കൂടുതൽ മാധ്യമശ്രദ്ധ കിട്ടുന്നതിൽ എന്താണ് തെറ്റെന്നും ചോദിച്ചതിനെ അംഗങ്ങൾ കൈയടിച്ച് അംഗീകരിച്ചു. വർക്കിംഗ് കമ്മറ്റിയിലേക്കുള്ള തന്റെ പ്രവേശനം തടഞ്ഞത് സെക്രട്ടറിയാണെന്ന വസ്തുത ഒ. തോമസച്ചൻ മറന്നിട്ടില്ല എന്നു സൂചിപ്പിക്കുന്നതായിരുന്നു 'സഭയുടെ ഔദ്യോഗിക വക്താവ്' എന്ന പദവി ലഭിച്ചതിനുശേഷമുള്ള അദ്ദേഹത്തിന്റെ ഈ പ്രസംഗം. സഭാസെക്രട്ടറിക്ക് ഒ. തോമസച്ചനോടുള്ള 'സ്നേഹം കോണ്ട്' പിറ്റേന്നത്തെ പത്രത്തിൽ സഭാവക്താവിനെ നിയമിച്ച വാർത്ത വന്നിട്ടുമില്ല.

## വിവാദമായത് സെക്രട്ടറി മുണ്ടും മടക്കിക്കുത്തി നില്ക്കുന്ന ഫോട്ടോ

കോട്ടയം: ചെറുപ്പക്കാരനായ പുതിയ സഭാ സെക്രട്ടറി ഊർജ്ജസ്വലനായി പ്രവർത്തിക്കുന്നുവെന്നു കാണിക്കുവാൻ മലങ്കര ഓർത്തഡോക്സ് ടി. വി. എന്ന വെബ്സൈറ്റിൽ നിന്നും അൽമായവേദി ന്യൂസ് ബുള്ളറ്റിൻ എടുത്തുകൊടുത്ത ഒരു ഫോട്ടോയാണ് വിവാദമായത്. എം. ടി. വി. യിൽ ചിക്കുൻഗുനിയ മെഡിക്കൽ ക്യാമ്പിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് എടുത്ത നാല്പത്തിയൊന്നു ഫോട്ടോകൾ കൊടുത്തിട്ടുണ്ട്. അതിൽ ഏറ്റവും അവസാനത്തെ ഫോട്ടോ സെക്രട്ടറി മുണ്ടും മടക്കിക്കുത്തി നിന്ന് ചില നിർദ്ദേശങ്ങൾ നൽകുന്നതാണ്. മരുന്നുകൾ ചുമന്ന് ആംബുലൻസിൽ കയറ്റാൻ വേണ്ടിയായിരുന്നു അദ്ദേഹം മുണ്ട് മടക്കിക്കുത്തിയത്. മരുന്ന് ചുമക്കുന്ന ഫോട്ടോ എം. ടി. വി. എടുത്തിട്ടുമില്ല. മുണ്ടും മടക്കിക്കുത്തി നിൽക്കുന്ന ഫോട്ടോ അദ്ദേഹത്തിന്റെ ആത്മാർത്ഥതയെയും ഊർജ്ജസ്വലതയെയും കാണിക്കാനായി കൊടുത്തതാണ് വിവാദമായിരിക്കുന്നത്.

ഇന്ത്യൻ ഓർത്തഡോക്സ് ഇന്റർനെറ്റ് ഫോറം എന്ന ഇമെയിൽ ഗ്രൂപ്പാണ് കേരളത്തിൽ ചിക്കുൻഗുനിയ പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങളും രോഗം ബാധിച്ച് അവശരായവർക്ക് സഹായവും നൽകണമെന്ന് സഭാനേതൃത്വത്തോട് ആവശ്യപ്പെട്ടത്. ഇത് സംബന്ധിച്ച് സഭ ചെയ്യേണ്ട കാര്യങ്ങളെന്തൊക്കെയാണെന്ന് വളരെ വിശദമായ ഒരു കർമ്മപദ്ധതിയും അവർ തയ്യാറാക്കി ജോയ്സ് തോട്ടയ്ക്കാട് മുഖാന്തിരം വർക്കിംഗ് കമ്മറ്റിക്ക് കൊടുത്തിരുന്നു. മൂന്നാഴ്ച കഴിഞ്ഞ്

**ഓഫ് സൈഡ് - ഓഫ് സൈഡ്**

## ചരിത്രമെന്നാലെന്ത്?

സഭാചരിത്രം അങ്ങാടിയോ പച്ചയോ എന്ന് നിശ്ചയമില്ലാത്ത ചില ആസ്ഥാന പണ്ഡിതന്മാർ ഉണ്ടെന്ന് ഈയിടെ നടന്ന ഒരു സംഭവം വെളിവാക്കി. സ്ഥലം സോഫിയാ സെന്റർ, പഴയസെമിനാരി.

സംഭവം: അൽമായ നേതൃത്വ പരിശീലന പരിപാടി. പ്രസംഗകൻ മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ സെക്രട്ടറി. പ്രസംഗകൻ ഇതി ഉവാച: 1934 ലെ ഭരണഘടന തയ്യാറാക്കുവാൻ വട്ടശ്ശേരിൽ തിരുമേനി നിയോഗിച്ച കമ്മറ്റിയിൽ അൽമായക്കാർ മാത്രമായിരുന്നു ഉണ്ടായിരുന്നത്. അൽമായ നേതൃത്വത്തിൽ തിരുമേനിക്കുണ്ടായിരുന്ന വിശ്വാസത്തിന്റെ അടയാളമാണത്.

"ശരിയല്ലല്ലോ സാറെ, ചുരുങ്ങിയപക്ഷം പൂതക്കുഴിയിൽ അബ്രഹാം കത്തനാർ, ചെറിയമഠത്തിൽ സ്കറിയാ കത്തനാർ എന്നിവരെങ്കിലും ആ കമ്മറ്റിയിലുണ്ടായിരുന്നല്ലോ" എന്നൊരു അസ്മാദൃശ്യൻ സംശയം പ്രകടിപ്പിച്ചു (പ്രസംഗത്തിനു ശേഷം സ്വകാര്യമായി. സെക്രട്ടറിയെ സദസ്സിൽ വച്ച് നാണം കെടുത്തേണ്ട എന്ന സദുദ്ദേശ്യത്തോടെ). മറുപടി ഉടൻ വന്നു. ആധികാരികമായി ചരിത്രം അറിയാവുന്ന ഒരാളിൽ നിന്ന് ഞാൻ മനസ്സിലാക്കിയതാണിത്. പ്രസ്താവനയിൽ ഉറച്ചു നിൽക്കുന്നു. അസ്മാദൃശ്യന് ആശയക്കുഴപ്പം. സംശയനിവാരണം വരുത്തുവാൻ 1934 ഭരണഘടനയുടെ നക്കൽ തേടിപ്പിടിച്ച് പരിശോധിച്ചു. കമ്മറ്റിയെ നിയമിച്ചത് വട്ടശ്ശേരിൽ തിരുമേനിയല്ല, അദ്ദേഹം പ്രസിഡണ്ടായ മാനേജിംഗ് കമ്മറ്റിയാണ്. പതിനേഴംഗ കമ്മറ്റിയിൽ അഞ്ചു വൈദികരുണ്ടായിരുന്നു; പരമ്പരാഗതമായി സഭ പിന്തുടർന്നിരുന്ന 1:2 എന്ന വൈദിക - അൽമായ അനുപാതം ഏതാണ്ട് കൃത്യമായിത്തന്നെ നിലനിർത്തിക്കൊണ്ട്.

സെക്രട്ടറി മാത്രമല്ല, മറ്റു സ്ഥാനികളും ആരുടെയെങ്കിലും പേരിലുള്ള അമിതവിശ്വാസം വച്ച് ഇത്തരം വങ്കത്തങ്ങൾ എഴുന്നള്ളിക്കരുത്. പ്ലാറ്റ്ഫോമിൽ നിന്ന് പറയുന്നതിന് ആധികാരികത വേണം. സ്വന്തം നിലയിൽ അല്പം ചരിത്രം പഠിക്കുന്നതും നന്ന്. ഏതായാലും പ്രസ്തുത ആസ്ഥാന ചരിത്ര പണ്ഡിതന്റെ അഭിപ്രായങ്ങളെ ഒരു വലിയ നുള്ള് ഉപ്പ് ചേർത്തേ വിഴുങ്ങാവൂ. ചരിത്രത്തെപ്പറ്റി ബോധമുള്ള നസ്രാണികൾ സദസ്സിലുണ്ടാകുവാൻ സാദ്ധ്യതയുണ്ട്.

ഈ നിർദ്ദേശങ്ങളിൽ ചിലത് അത്മാർത്ഥതയില്ലാത്ത നിലയിൽ സഭ നടപ്പിലാക്കുന്നതു കണ്ടപ്പോൾ അൽമായവേദി ന്യൂസ് ബുള്ളറ്റിൻ അതിനെ വിമർശിച്ച് 'ചിക്കുൻ ഗുനിയ ബാധിച്ച സഭ' എന്നൊരു ലേഖനം പ്രസിദ്ധീകരിച്ചിരുന്നു. ഇതോടൊപ്പമാണ് സെക്രട്ടറിയുടെ ഫോട്ടോ വന്നതെന്നതാണ് അദ്ദേഹത്തെ പ്രകോപിതനാക്കിയത്.

## ക്ഷമിക്കുവാൻ പ്രചോദനമായത് ഷാലോമിലെ ഡോക്യുമെന്ററി

കോട്ടയം: കത്തോലിക്കാസഭയിലെ സന്യാസിനിയും വടക്കേ ഇന്ത്യൻ ആദിവാസികൾക്കിടയിൽ മിഷനറി പ്രവർത്തനം നടത്തിയതിന്റെ പേരിൽ കൊല്ലപ്പെട്ട വ്യക്തിയുമായ സിസ്റ്റർ റാണി മരിയയുടെ ബന്ധുക്കൾ കൊന്ന വ്യക്തിയോട് ക്ഷമിക്കുകയും അദ്ദേഹത്തെ വീട്ടിൽ സ്വീകരിക്കുകയും ചെയ്യുന്നതിന്റെ രംഗങ്ങ ളടങ്ങിയ അതീവ ഹൃദയസ്പർശിയായ ഒരു ഡോക്യുമെന്ററി ഓഗസ്റ്റ് 15-ന് അവിചാരിതമായി ഷാലോം ടി. വി. യിൽ കണ്ടതാണ് സഭാ സെക്രട്ടറിയോട് ക്ഷമിക്കുവാൻ തനിക്ക് പ്രചോദനമായതെന്ന് ജോയ്സ് തോട്ടയ്ക്കാട് പറഞ്ഞു. മാനേജിംഗ് കമ്മറ്റി നടന്നുകൊണ്ടിരിക്കുന്ന സമയത്ത് സെമിനാരിയിലുണ്ടായിരുന്ന താൻ, എയ്ഡ്സ് രോഗികളെക്കുറിച്ച് ഡോക്യുമെന്ററി ചെയ്ത സെമിനാരി വിദ്യാർത്ഥികളോട് ഈ ഡോക്യുമെന്ററിയെക്കുറിച്ച് പറയുകയും, പരസ്പരം വഴക്കിടുന്ന മലങ്കര നസ്രാണികൾക്ക് 100 വർഷമായിട്ടും ക്ഷമിക്കുവാൻ സാധിക്കുന്നില്ലല്ലോ എന്ന് ആശങ്കപ്പെടുകയും ചെയ്തിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

## ഫാ. ഡോ. ഒ. തോമസ് സഭയുടെ ഔദ്യോഗിക വക്താവ്

കോട്ടയം: ഫാ. ഡോ. ഒ. തോമസിനെ സഭയുടെ ഔദ്യോഗിക വക്താവായി പ. പിതാവ് നിയമിച്ചു. സ്വാശ്രയകോളജ് പ്രശ്നം ന്യൂനപക്ഷ വിദ്യാഭ്യാസാവകാശം തുടങ്ങി പല പ്രശ്നങ്ങൾ ഉയർന്നു വരുമ്പോൾ സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ മലങ്കരസഭ ഒരു നിലപാടെടുക്കുകയും, സഭാ സെക്രട്ടറി മറ്റൊരു നിലപാട് സ്വീകരിക്കുകയും ചെയ്യുന്നത് ഒരംഗം ചൂണ്ടിക്കാട്ടിയതിനെ തുടർന്നാണ് പ. പിതാവ് പെട്ടെന്നുതന്നെ 'സഭയുടെ ഔദ്യോഗിക വക്താവായി' ഫാ. ഡോ. ഒ. തോമസിനെ നിയമിക്കുന്നുവെന്ന് കല്പിച്ചത്. ഒ. തോമസച്ചൻ പിന്നീട് നടത്തിയ പ്രസംഗത്തിൽ സഭാസമിതികളിലെ തീരുമാനങ്ങൾ ബന്ധപ്പെട്ടവർ സമയാസമയത്ത് തന്നെ അറിയിച്ചാലേ ഈ ജോലി ചെയ്യുവാൻ സാധിക്കുകയുള്ളു എന്നു ചൂണ്ടിക്കാട്ടിയ ഉടൻ എല്ലാ സഭാ സമിതികളിലും അദ്ദേഹം പ്രത്യേകം ക്ഷണിതാവായിരിക്കുമെന്ന് പ. പിതാവ് കല്പിച്ചു.

## സഹയാത്രികർക്ക് വാഗ്ദാനം എതിരാളികൾക്ക് പരിഹാസം

കോട്ടയം: മാനേജിംഗ് കമ്മറ്റി ഉപസമതി നിയമനങ്ങൾ കഴിഞ്ഞതോടെ മാനേജിംഗ് കമ്മറ്റിയംഗങ്ങൾക്ക് ടെലിഫോൺ വിളികളുടെ പ്രവാഹം. രണ്ടുതരം അംഗങ്ങൾക്കാണ് കോളുകൾ. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ സെക്രട്ടറിയെ സഹായിച്ചവരും സുപ്രധാന സമിതികളിലൊന്നും കയറിപ്പറ്റാൻ സാധിക്കാതിരുന്നവരുമാണ് ഒന്നാമത്തെ കൂട്ടർ. സ്ഥാനം ലഭിക്കാതെ പോയത് പ്രശ്നമാക്കേണ്ടെന്നും മലങ്കര മെത്രാപ്പോലീത്താ നിയമിക്കുന്ന സമിതികളിൽ സീറ്റുറപ്പാക്കാമെന്നുമാണ് ആശ്വാസവചനം. ബാവായുടെ ഓഫീസിൻമേൽ തനിക്കും സെക്രട്ടറിക്കുമുള്ള അമിതസ്വാധീനവും ഇതിനുറപ്പായി ചൂണ്ടിക്കാട്ടുന്നുണ്ട്.

തിരഞ്ഞെടുപ്പിൽ സെക്രട്ടറിയെ എതിർത്തവരാണ് രണ്ടാമത്തെ കൂട്ടർ. സമിതികളിൽ എത്തിപ്പെടാൻ കഴിയാതിരുന്ന അവരോട് "......നെ ചുമന്നിട്ട് എന്തു കിട്ടി?" എന്നു ചോദിച്ചാണ് പരിഹാസം. കൂട്ടത്തിൽ ഗ്രൂപ്പ് മാറിയാൽ ഒന്നാം കൂട്ടരെപ്പോലെ നോമിനേഷൻ തരപ്പെടുത്താം എന്ന വാഗ്ദാനവും നൽകുന്നുണ്ട്.

വളഞ്ഞ വഴിയിലൂടെ മാനേജിംഗ് കമ്മറ്റിയിലെത്തിയ ഒരു വൈദികനാണ് ഫോണിന്റെ ഇങ്ങേത്തലയ്ക്കൽ.

## ചർച്ചയുടെ വിഷയം വെളിപ്പെടുത്തണം

കോട്ടയം: യാതൊരു അധികാര കേന്ദ്രങ്ങളുടെയും അനുമതിയില്ലാതെ അതീവ രഹസ്യമായി തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായും അസോസിയേഷൻ സെക്രട്ടറിയും ഓഗസ്റ്റ് 11 ന് തിരുവനന്തപുരത്തു നടത്തിയ കൂടിക്കാഴ്ചകളുടെ ദുരൂഹതകൾ വ്യക്തമാക്കണമെന്ന ആവശ്യം ശക്തമായി.

തിരുവല്ല വരെ സഭ വക വാഹനത്തിൽ യാത്ര ചെയ്ത അസോസിയേഷൻ സെക്രട്ടറി അവിടെ നിന്നും വാഹനങ്ങൾ മാറിക്കയറിയാണ് തിരുവനന്തപുരത്തെത്തിയത്. ഇതിനെ തുടർന്ന് മാർ മക്കാറിയോസുമൊന്നിച്ച് മസ്കറ്റ് ഹോട്ടലിൽ മന്ത്രി റ്റി. യു. കുരുവിളയുമായി രഹസ്യചർച്ച നടത്തിയ വിവരം മംഗളം ദിനപത്രം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതേദിവസം തന്നെ തിരുവനന്തപുരത്ത് റീത്ത് ആർച്ച് ബിഷപ്പുമായും ഇവർ ചർച്ച നടത്തിയിരുന്നു.

ഈ ചർച്ചകൾക്ക് ഇവരെ പ. പിതാവോ, സുന്നഹദോസോ, വർക്കിംഗ് കമ്മറ്റിയോ ചുമതലപ്പെടുത്തിയിരുന്നില്ല എന്നു വ്യക്തമായ സാഹചര്യത്തിൽ, പുതിയ സർക്കാർ സമിതിയുടെ നിയമനകാര്യത്തിൽ ദുരൂഹത വർദ്ധിക്കുകയാണ്.

കഴിഞ്ഞയാഴ്ച നടന്ന പ. സുന്നഹദോസോ മാനേജിംഗ് കമ്മറ്റിയോ സഭാപ്രശ്ന പരിഹാരത്തെപ്പറ്റി യാതൊരു ചർച്ചയും നടത്തിയിട്ടില്ലെന്ന് പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അംഗങ്ങൾ അറിയിച്ചു.

## സമിതിയുടെ ലക്ഷ്യം വിഭജനമോ?

**അൽമായവേദി ന്യൂസ് സർവ്വീസ്**

കൊച്ചി: മലങ്കരസഭാപ്രശ്നങ്ങൾ പരിഹരിക്കാൻ എന്ന പേരിൽ രൂപീകരിച്ചിരിക്കുന്ന സമിതിയുടെ ലക്ഷ്യം നിർബന്ധിത വിഭജനമാണെന്ന സംശയം പലരും ഉയർത്തുന്നു. സമിതി രൂപീകരണത്തിൽ പുത്തൻകുരിശു സൊസൈറ്റി കാണിക്കുന്ന അമിത ആഹ്ലാദം മാത്രമല്ലാതെ മറ്റു പല കാരണങ്ങളും സംശയാലുക്കൾ ചൂണ്ടിക്കാട്ടുന്നുണ്ട്.

സമിതി അംഗമായ മന്ത്രി റ്റി. യു. കുരുവിള എതിർ വിഭാഗത്തിലെ സജീവാംഗമാണ്. മന്ത്രി എസ്. ശർമ്മ 2007 ജനുവരി 25 നു ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ നടന്ന അനധികൃത പ്രവേശനത്തിൽ പുത്തൻകുരിശു സൊസൈറ്റിയെ വഴിവിട്ടു സഹായിച്ചു എന്ന ആരോപണത്തിനു അന്നേ വിധേയനായ വ്യക്തിയാണ്. ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ മുമ്പ് മലങ്കരസഭ വിഭജിച്ചു പിരിയണമെന്ന് പരസ്യമായി ആവശ്യപ്പെട്ട വ്യക്തിയുമാണ്.

ഇത്തരമൊരു സമിതി യോജിപ്പിനുള്ള സാദ്ധ്യതകൾ പോലും പരിഗണിക്കാതെ വിഭജനത്തിനു നിർബന്ധിക്കുമെന്ന് ആശങ്കപ്പെടുന്നവർ ഏറെയാണ്.

ഇതിനിടെ ഓഗസ്റ്റ് 12 ന് കോട്ടയത്തു നടന്ന സംയുക്ത വിശ്വാസപ്രഖ്യാപന റാലിയിൽ നിന്നും വിട്ടു നിന്നതിനു പുത്തൻകുരിശു സൊസൈറ്റിക്കു ലഭിച്ച സമ്മാനമാണ് ഈ സമതിയെന്നും ആരോപണമുയർന്നിട്ടുണ്ട്.

**Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedhi (Reg. No. K 713/2005), PB No. 652, Kottayam Editor: Philipose Pottackavelil**